## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1958 — 17.06.2013 ൽ മറുപടിയ്ക്ക്

### പരിഷ്കരിച്ച യൂത്ത് അവാർഡുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.എ അസീസ്** | **കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം യുവജനകാര്യ വകുപ്പിന്റെ കീഴിൽ നൽകി വരാറുള്ള യൂത്ത് അവാർഡുകൾ പരിഷ്കരിച്ചിട്ടുണ്ടോ ; | (എ) പരിഷ്കരിച്ചിട്ടുണ്ട്. 2011 വർഷത്തെ യൂത്ത് അവാർഡുകളാണ് പ്രഖ്യാപിച്ചത്. 2012 വർഷം മുതൽ യുവജനക്ഷേമ ബോർഡ് നൽകുന്ന അവാർഡുകൾ സമഗ്രമായി പരിഷ്കരിക്കുന്നുണ്ട്. |
| (ബി) എങ്കിൽ എപ്രകാരമാണ് പരിഷ്കരിച്ചത്; ഏതൊക്കെ അവാർഡുകളാണ് നൽകുന്നത്; വ്യക്തമാക്കുമോ? | (ബി) അവാർഡിനുള്ള മാനദണ്ഡങ്ങൾ, നിർണ്ണയ രീതി, അവാർഡ് തുക എന്നിവയിലെല്ലാം മാറ്റങ്ങളുണ്ടാകും. യുവജനങ്ങൾക്കുള്ള അവാർഡുകൾ 'സ്വാമിവിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം' എന്ന് അറിയപ്പെടും. കൃഷി, സംരംഭകത്വം, സാമൂഹിക പ്രവർത്തനം, കലാ - കായിക – സാംസ്കാരിക രംഗം, മാധ്യമം എന്നീ അഞ്ചു മേഖലകളിൽ മികവാർന്ന പ്രവർത്തനമോ, പ്രകടനമോ കാഴ്ചവയ്ക്കാൻ കഴിഞ്ഞ യുവതീ യുവാക്കളെയാണ് പുരസ്കാരത്തിന് പരിഗണിക്കുക. ഇവരെ കണ്ടെത്തുന്നതിനുള്ള രീതി കൂടുതൽ ജനകീയവും പങ്കാളിത്തപരവുമായിരിക്കും. ഓരോ മേഖലയിൽ നിന്നും ഒരാൾക്കാണ് പുരസ്കാരം നൽകുക. പുരസ്കാരത്തുക അരലക്ഷം രൂപയിൽ കുറയാത്തതായിരിക്കും. അതോടൊപ്പം അംഗീകാരപത്രവും ശില്പവും നൽകും. സാമൂഹിക അംഗീകാരമുള്ള നിഷ്പക്ഷമതികളായ പ്രഗത്ഭരെ |

ഉൾപ്പെടുത്തി തെരഞ്ഞെടുപ്പ് സമിതിക്ക് രൂപം നൽകും. തെരഞ്ഞെടുപ്പ് പ്രക്രിയയിൽ യുവാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്തും. സംസ്ഥാനതലത്തിൽ വ്യക്തികൾക്ക് നൽകുന്ന സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരത്തിന് പുറമേ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മികച്ച പ്രവർത്തനം നടത്തിയതും യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമായ സന്നദ്ധ സംഘടനകൾക്കും പുരസ്കാരം നൽകും. കലാ - കായിക -സാംസ്കാരിക വികസന പ്രവർത്തന രംഗത്തും മികവാർന്ന പ്രവർത്തനം നടത്തുന്നതിന് യുവജനങ്ങൾക്ക് പ്രചോദനം നൽകുക എന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

സെക്ഷൻ ഓഫീസർ